<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6565**</u> <u>**11-11-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കാർഷിക കോളേജുകളുടെ പ്രവർത്തനം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ വൈവിധ്യമാർന്നതും അത്യുല്പാദന ശേഷിയുള്ളതുമായ വിത്തിനങ്ങൾ ഉല്പാദിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ട കാർഷിക കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം ചെലവിടുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷിക മേഖലയിൽ വൈവിധ്യമാർന്നതും അത്യുല്പാദന ശേഷിയുള്ളതുമായ വിത്തിനങ്ങൾ ഉല്പാദിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര, വെള്ളായണി, അമ്പലവയൽ, പടന്നക്കാട് തുടങ്ങിയ കാർഷിക കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 57,00,28,986.20 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഈ മേഖലയുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്നത് എന്നു വ്യക്തമാക്കാമോ; | (ബി) | നാല് കാർഷിക കോളേജുകൾ കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ധാരാളം സ്ഥാപനങ്ങൾ ഉണ്ടായിട്ടും കാർഷിക മേഖലയിൽ കൂടുതൽ ശാസ്ത്രീയ കൃഷി രീതികൾ നടത്തുന്നതിനും സ്വയംപര്യാപ്തതയിൽ എത്തുന്നതിനും കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | ജനസംഖ്യാ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷി ഭൂമിയുടെ ലഭ്യതക്കുറവ്, ഭക്ഷ്യവിളകളിൽ നിന്നും കാർഷികേതര ആവശ്യങ്ങളായ ഭവന നിർമ്മാണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവ്, ഭൂമിയുടെ തുണ്ടുവൽക്കരണം, ജലദൗർലഭ്യം, അടിക്കടിയുണ്ടാകുന്ന പ്രകൃതി ക്ഷോഭം, വിദ്യാസമ്പന്നരായ യുവാക്കൾ കൃഷിയിലേയ്ക്ക് ആകൃഷ്ടരാകാതിരിക്കുന്നത്, കൃഷിപ്പണി അറിയാവുന്ന തൊഴിലാളികളുടെ ക്ഷാമം, ഉയർന്ന വേതന നിരക്ക്, കാർഷിക വിജ്ഞാന വ്യാപനത്തിന്റെ അപര്യാപ്തത, കാർഷിക വായ്പ ലഭ്യത കുറവ്, പാട്ട വ്യവസ്ഥയിൽ കൃഷി ഭൂമി വിട്ട് നൽകാതിരിക്കുന്ന സാഹചര്യം, നീർത്തടാധിഷ്ഠിതമായ കൃഷി രീതിയിലെ അപര്യാപ്തത, മാർക്കറ്റിംഗ്, ശീതീകരണ സംവിധാനത്തിലെ കുറവുകൾ തുടങ്ങിയവയാണ് കാർഷിക സ്വയംപര്യാപ്തതയ്ക്ക് തടസ്സമായിരിക്കുന്ന കാരണങ്ങൾ. |
| (ഡി) | എങ്കിൽ സമാന പ്രവർത്തനങ്ങൾ നടത്തുന്നവയെ | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | പുനഃസംഘടിപ്പിച്ച് ഒരൊറ്റ സ്ഥാപനമായി പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ